നെല്ലിന്റെ തറവില

90 [1167] ശ്രീ. സി. പി. മുഹമ്മദ്:

പ്രൊഫ. എ. ഡി. മൂസ്തഫ:

ശ്രീ. പി. ടി. തോമസ്:

„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സീസണിൽ പ്രഖ്യാപിച്ച നെല്ലിന്റെ തറവില എത്രയാണ് ;

(ബി) ഇപ്രാവശ്യം തറവില പ്രഖ്യാപിക്കുന്ന നെൽകൃഷിക്കാരുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റി രൂപവൽക്കരിച്ചുവോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഇപ്രാവശ്യം നെല്ലിന്റെ തറവില പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാം ?

ഉത്തരം

(എ) 2004-05-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച തറവില സാധാരണ ഇനം കിന്റലിന് 560 ഗ്രേഡ് ചെയ്തത് 590 രൂപ. എന്നാൽ സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പാക്കുന്ന അഞ്ച് ജില്ലകളിലെ സംഭരണ വില താഴെ ചേർക്കുന്നു :

ജില്ല	വിരിപ്പ്		മുണ്ടകൻ	
	ചുവപ്പ്	വെള്ള	ചുവപ്പ്	വെള്ള
തൃശൂർ	760	720	720	700
പാലക്കാട്	830	750	750	700
കോട്ടയം	765	..	740	..
പത്തനംതിട്ട	750	..	തീരുമാനിച്ചിട്ടില്ല	
ആലപ്പുഴ	..	..	750	..

(ബി ആന്റ് സി) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികളാണ് നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. പ്രസ്തുത കമ്മിറ്റികളിൽ നെൽകർഷകരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുന്നതിനുമുമ്പായി കർഷകപ്രതിനിധികൾ, സംഭരണ ഏജൻസികളുടെ പ്രതിനിധികൾ എന്നിവരുമായി ജില്ലാ കൃഷി ഓഫീസർ ചർച്ച ചെയ്ത ശേഷമാണ് സംഭരണവില നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെല്ലിന്റെ ഉൽപ്പാദനച്ചെലവ്, മാർക്കറ്റ് വില എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും ജില്ലാതല കമ്മിറ്റികൾ നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്നത്.

നെൽപ്പാടങ്ങളിൽ കീടനാശിനി പ്രയോഗം

91 [1168] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വർക്കല കഹാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, വി. ഡി. സതീശൻ: താഴെ താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടില്ലാത്ത കീടനാശിനികൾ പ്രയോഗിക്കുന്നുണ്ടോ ;

(ബി) ഇത്തരം കീടനാശിനികൾ പ്രയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം കീടനാശിനികൾ പ്രയോഗിക്കപ്പെടുന്ന നെല്ലിനങ്ങളിൽ അവയുടെ അംശം കാണപ്പെടുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി ആന്റ് ഡി) ബാധകമല്ല.

നാളികേര കൃഷി സംരക്ഷിക്കുന്നതിന് നടപടി

92 [1169] ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്:
,, എ. സി. മൊയ്തീൻ:
,, കെ. പി. സതീഷ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 മേയ് മുതൽ നാളികേര കൃഷി സംരക്ഷിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണ്;

(സി) ഈ പദ്ധതികളുടെ ഫലമായി നാളികേര ഉൽപ്പാദനത്തിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ പറയാമോ ;

(ഡി) വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly